# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3006

23/03/2015 -ൽ
മറുപടിയ്ക്ക്

## ഹിൽ ഏരിയ വികസന ഏജൻസി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി..ശശി | | ശ്രീ.കെ.സി..ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഹിൽ ഏരിയ വികസന ഏജൻസി പഴം പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ എത്ര രൂപ ചെലവഴിച്ചുവെന്നും ഇത് വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ പഴം പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആകെ 156 ലക്ഷം രൂപ നാളിതുവരെ അനുവദിക്കുകയും അതിൽ 48 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മഴമറ കൃഷി, ബ്ലോക്ക്തല നഴ്സറി, ഉൽപാദന ഉപാധികളുടെ വിതരണ കേന്ദ്രം, ബ്ലോക്ക്തല മാർക്കറ്റ് എന്നിവയാണ് പ്രസ്തുത പദ്ധതി വഴി നടപ്പിലാക്കുന്നത്. |
| (ബി) | ഈ പദ്ധതികളുടെ ഗുണഭോക്താക്കളുടെ പേരു വിവരവും ഓരോരുത്തർക്കും നൽകിയ തുകയും വെളിപ്പെടുത്തുമോ; | (ബി) | പഴം പച്ചക്കറി വികസന പദ്ധതിയിൽ മഴമറ കൃഷി, ബ്ലോക്ക്തല നഴ്സറി, പച്ചക്കറിതൈകളുടെ ഉൽപ്പാദനം, വിതരണം, ദീർഘകാല പച്ചക്കറിതൈകളുടെ വിതരണം, ഫലവർഗ്ഗതൈകൾ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യൽ എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതിയിൻകീഴിൽ ആയിരക്കണക്കിന് ഗുണഭോക്താക്കൾ ഉള്ളതിനാൽ അവരുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കുന്നത് പ്രായോഗികമല്ല. |
| (സി) | പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എപ്രകാരമാണെന്ന് വിശദമാക്കാമോ; | (സി) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും ചെറുകിട/ഇടത്തരം കർഷകരുമായ ഗുണഭോക്താക്കളെയാണ് പദ്ധതിക്കായി ബ്ലോക്ക് മുഖേന തെരെഞ്ഞെടുക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഹിൽ ഏരിയ വികസന ഏജൻസി വഴി നടപ്പാക്കിയ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | നിലവിലുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | ഹിൽ ഏരിയ വികസന ഏജൻസി പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി എത്ര പേർക്ക് ആനുകൂല്യം നൽകി; ഇതിനായി എത്ര രൂപ ചെലവഴിച്ചു; ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കാമോ? | (ഇ) | മലയോര വികസന ഏജൻസി പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് മാത്രമായി പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എങ്കിലും വിവിധ പദ്ധതികളുടെ ആനുകൂല്യം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുകൂടി ലഭ്യമാകുന്ന തരത്തിൽ അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുൾപ്പെടെ ആകെ 156 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൻകീഴിൽ ആയിരക്കണക്കിന് ഗുണഭോക്താക്കൾ ഉള്ളതിനാൽ അവരുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നത് പ്രായോഗികമല്ല. |

Bijumon

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് - ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി - പഴം, പച്ചക്കറി വികസന പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

ആസൂത്രണ സാമ്പത്തിക കാര്യ (ഇ) വകുപ്പ്

സ.ഉ (എം.എസ്) 07/15/പ്ലാനിംഗ് തീയതി, തിരുവനന്തപുരം, 22/01/2015

---

പരാമർശം :- 1. 16/2/13 ലെ ജി.ഒ (എം.എസ്) നം.10/13/പ്ലാനിംഗ്.
2. 13.11.14 ന് പ്ലാനിംഗ് പ്രിൻസിപ്പൽ സെക്രട്ടറി നടത്തിയ പ്രോജക്ട് ഡയറക്ടർമാരുടെ റിവ്യൂ മീറ്റിംഗിന്റെ മിനിറ്റ്സ്
3. ഹാഡ സെക്രട്ടറിയുടെ 26.12.14 ലെ 293/ബി/ഹാഡ/13 നമ്പർ കത്ത്

ഉത്തരവ്

പരാമർശം 1 പ്രകാരം സർക്കാർ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിക്കു കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം 2 ലെ യോഗത്തിന്റെ തീരുമാനത്തിന്റെ വെളിച്ചത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരെകൂടി നിർവ്വഹണ ഉദ്യോഗസ്ഥൻമാരായി നിശ്ചയിച്ചുകൊണ്ട് പരാമർശം 1 ഉത്തരവ് ഭേദഗതി ചെയ്ത് പഴം, പച്ചക്കറി വികസന പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ദിലീപ് ഖാൻ
ഡെപ്യൂട്ടി സെക്രട്ടറി
ഗവൺമെന്റ് സെക്രട്ടറിക്കുവേണ്ടി

സെക്രട്ടറി, ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി, തിരുവനന്തപുരം
ജില്ലാകളക്ടർമാർ (ആലപ്പുഴ ഒഴികെ)
ജില്ലാ പ്ലാനിംഗ് ഓഫീസർമാർ (ആലപ്പുഴ ഒഴികെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
കമ്മീഷണർ, റൂറൽ ഡെവലപ്പ്മെന്റ്, തിരുവനന്തപുരം

ചീഫ് (അഗ്രികൾച്ചർ), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
കൃഷി ഡയറക്ടർ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർമാർ, ജില്ലാ പോവർട്ടി അലിവിയേഷൻ യൂണിറ്റ്
(ആലപ്പുഴ ഒഴികെ)
(ഹാഡാ സെക്രട്ടറി മുഖാന്തിരം)
കൃഷി വകുപ്പ് ജോയിന്റ് ഡയറക്ടർമാർ (ഹാഡ മുഖാന്തിരം)
ബ്ലോക്കു പഞ്ചായത്തു പ്രസിഡന്റുമാർ/ ബ്ലോക്കു പഞ്ചായത്ത്
സെക്രട്ടറിമാർ (ഹാഡാ സെക്രട്ടറി മുഖാന്തിരം)
തദ്ദേശ സ്വയംഭരണ വകുപ്പ്
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്
**I&PRD** (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
Bijumon
സെക്ഷൻ ഓഫീസർ

### ഹിൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി മുഖേന 2012-13 വർഷത്തിൽ പച്ചക്കറി, പഴവർഗ്ഗ വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

ഹിൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി മുഖേന പച്ചക്കറി, പഴവർഗ്ഗ കൃഷി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ 1100 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി G.O.(MS) No.04/13/Plg dt. 15/01/2013 പ്രകാരം നൽകിയിട്ടുണ്ട്. 2012-13 ലെ ബഡ്ജറ്റിൽ 2551-01-800-90 പ്ലാൻ എന്ന ശീർഷകത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്.

**ലക്ഷ്യങ്ങൾ**

ഭക്ഷ്യയോഗ്യമായ വിഷരഹിത പച്ചക്കറികളുടെ ഉൽപ്പാദനവും വിതരണവുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സംയോജിത വളപ്രയോഗത്തിലൂടെയും സംയോജിത കീട നിയന്ത്രണത്തിലൂടെയും ഭക്ഷ്യയോഗ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബ്ലോക്ക് തലത്തിൽ പഴം, പച്ചക്കറി ഉല്പാദനം, സംഭരണം, വിപണനം എന്നിവ ഏകോപിപ്പിക്കുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

**പദ്ധതി പ്രദേശം**

കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 42 ബ്ലോക്ക് പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ ബ്ലോക്കും ഒരു യൂണിറ്റായി കണക്കാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ബ്ലോക്കിൽ ഏതെല്ലാം പഞ്ചായത്തിൽ ഈ പദ്ധതി നടപ്പാക്കണമെന്ന് പച്ചക്കറികൃഷിയുടെ സാധ്യത കണക്കിലെടുത്ത് മോണിറ്ററിംഗ് കമ്മറ്റി തീരുമാനിക്കേണ്ടതാണ്.

**നിർവ്വഹണവും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പും**

ഗുണഭോക്താക്കളെ നിർവഹണത്തിനായി തിരഞ്ഞെടുക്കപ്പെട്ട സ്വയം സഹായ സംഘങ്ങൾ/പച്ചക്കറി ക്ലസ്റ്ററുകൾ കണ്ടെത്തേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിസ്റ്റ് മോണിറ്ററിംഗ് സമിതി അംഗീകരിക്കേണ്ടതാണ്. നഴ്സറികൾ നടപ്പിലാക്കേണ്ട ചുമതല സ്വയം സഹായ സംഘങ്ങൾക്കാണ്.

## പദ്ധതി ഘടകങ്ങൾ

താഴെ പറയുന്ന ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ ബ്ലോക്കിനും ഫണ്ടിന്റെ ലഭ്യതയും ആവശ്യവും അനുസരിച്ച് അനുയോജ്യമായ ഘടകങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

### 1. നഴ്സറിയും തൈകളുടെ വിതരണവും

കാർഷിക വൃത്തിയിൽ പരിചയവും താൽപര്യവുമുള്ള തെരഞ്ഞെടുക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾ/ പച്ചക്കറി ക്ലസ്റ്ററുകളാണ് നിർവഹണം നടത്തേണ്ടത്.

### 1. എ. ബ്ലോക്ക് തലത്തിലുള്ള പച്ചക്കറി നഴ്സറി

സ്വയം സഹായ സംഘങ്ങളുടെ/പച്ചക്കറി ക്ലസ്റ്ററുകളുടെ ആഭിമുഖ്യത്തിൽ ഒരു ബ്ലോക്കിൽ അനുയോജ്യമായ കേന്ദ്രത്തിൽ ഒരു പച്ചക്കറി നഴ്സറി വീതം തുടങ്ങേണ്ടതാണ്. ആകെ 42 ബ്ലോക്ക് പഞ്ചായത്തുകളിലായി 42 പച്ചക്കറി നഴ്സറികൾക്ക് ധനസഹായം നൽകുന്നു. ഓരോ ബ്ലോക്കിലും ആവശ്യമുള്ള തൈകളുടെ എണ്ണം കണക്കാക്കിയ ശേഷമാണ് നഴ്സറി പ്രവർത്തനം നടത്തേണ്ടത്. ഇതിനാവശ്യമായ തുക സംഘങ്ങൾക്ക് നൽകേണ്ടതാണ്.

### 1. ബി. ദീർഘകാല പച്ചക്കറി വിളകളുടെ വിത്ത്/തൈ വിതരണം

ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, കറിവേപ്പില എന്നിവയുടെ വിത്തുകൾ/തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്. ഇവ കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങേണ്ടത്. മുഴുവൻ ചെലവും സംഘങ്ങൾക്ക് നൽകേണ്ടതാണ്.

### 1. സി. പഴവർഗ്ഗ തൈകളുടെ വിതരണം

വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി മാവ്, മറ്റ് പഴവർഗ്ഗ സസ്യങ്ങൾ എന്നിവയുടെ തൈകൾ 50% സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്. കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് ഫാമുകൾ , വി.എഫ്.പി.സി.കെ എന്നി സ്ഥാപനങ്ങളിൽ നിന്ന് ഗുണമേന്മയുള്ള തൈകൾ വാങ്ങി കർഷകർക്ക് നൽകേണ്ടതാണ്. ചെലവിന്റെ 50% സംഘങ്ങൾക്ക്

നൽകേണ്ടതും ബാക്കി 50% സംഘങ്ങൾ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

മുകളിൽപ്പറഞ്ഞ ഘടകങ്ങൾ ഉൾപ്പെടുത്തി നഴ്സറിയുടെ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ദീർഘകാലാടിസ്ഥാനത്തിൽ ഈ നഴ്സറികൾ സ്വയം സാമ്പത്തിക ഭദ്രത ആർജ്ജിച്ച് ബ്ലോക്കിന്റെ ആകെ ഉൽപ്പാദനത്തിൽ നേതൃത്വം നൽകേണ്ടതാണ്.

2. മഴമറ ഉപയോഗിച്ചുള്ള സംരക്ഷിത കൃഷി

കുറഞ്ഞ ചിലവിൽ ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ ഉപയോഗിച്ച് മഴമറ നിർമ്മിച്ച് സംരക്ഷിത കൃഷി നടത്താനായി സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകേണ്ടതാണ്. നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ച് $1m^2$ മഴമറ ചെയ്യാനായി 250 രൂപയാണ് അടിസ്ഥാന ചിലവ് കണക്കാക്കിയിരിക്കുന്നത്. 50% തുക ഗ്രൂപ്പുകൾക്ക് സഹായധനമായി നൽകുന്നതാണ്. ബാക്കി 50% തുക ഗ്രൂപ്പ് സ്വയം വഹിക്കേണ്ടതാണ്.

3. ബ്ലോക്കു തല മാർക്കറ്റുകൾ

വി.എഫ്.പി.സി.കെയുടെ നേതൃത്വത്തിൽ കർഷകരുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യാനായി സ്വാശ്രയ വിപണികൾ നിലവിലുണ്ടെങ്കിലും വളർക്കുറച്ചുൽപ്പന്നങ്ങൾ മാത്രമേ ഈ വിപണി വഴി കൈമാറ്റം ചെയ്യപ്പെടുന്നുള്ളു. ഭക്ഷ്യയോഗ്യമായ ഫ്രഷ് പച്ചക്കറികളുടെ വിപണനത്തിനായി ബ്ലോക്കു തലത്തിൽ മാർക്കറ്റുകൾ തുടങ്ങേണ്ടതാണ്. സുരക്ഷിത പച്ചക്കറി എന്ന ലേബലിൽ സുരക്ഷിത പച്ചക്കറികൾ വിൽക്കേണ്ടതാണ്. ഒരു ബ്ലോക്കിൽ ഒന്നു വീതം 42 ബ്ലോക്കു തല മാർക്കറ്റുകൾ തുടങ്ങേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി ഷെഡ്യൂളുകൾ പ്രകാരം നടത്തേണ്ടതാണ്. ഈ മാർക്കറ്റുകൾ പ്രവർത്തിക്കുന്ന വിധം, സ്വയം സഹായ സംഘങ്ങളുടെ പങ്ക്, മോണിറ്ററിംഗ് കമ്മറ്റിയുടെ- പങ്ക് എന്നിവ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കേണ്ടതാണ്. കഴിയുന്നതും സ്വയം സഹായ സംഘങ്ങളുടെ അപ്പക്സ് ബോഡി (ഫെഡറേറ്റഡ്) പ്രോജക്ട് പരിപാലനം ചെയ്യേണ്ടതാണ്.

4. ഉല്പാദന ഉപാധികളുടെ സംഭരണ വിതരണ കേന്ദ്രം

ബ്ലോക്ക് തല മാർക്കറ്റുകളോട് അനുബന്ധിച്ച് കർഷകർക്ക് ആവശ്യമായ ഉല്പാദന ഉപാധികളായ ജീവാണുവളങ്ങൾ, ജൈവകീടരോഗനാശിനികൾ എന്നിവ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനുമായി ഒരു സംഭരണ വിതരണ കേന്ദ്രം

സ്ഥാപിക്കേണ്ടതാണ്. 42 ബ്ലോക്കുകളിലായി 42 സംഭരണ കേന്ദ്രങ്ങൾക്ക് സഹായം നൽകുന്നു. അതാത് സ്ഥലത്തെ സാഹചര്യങ്ങൾ അനുസരിച്ച് നിലവിലുള്ള ഡബ്ലിയു. ഡി ഷെഡ്യൂൾ പ്രകാരം നടത്തേണ്ടതാണ്. ഈ വിതരണ കേന്ദ്രം ബ്ലോക്കു തല മാർക്കറ്റ് പ്രോജക്ടിൽ ആവശ്യാനുസരണം ഉൾപ്പെടുത്തേണ്ടതാണ്.

## പദ്ധതി നിർവ്വഹണം

മഴമറ ഉപയോഗിച്ചുള്ള സംരക്ഷിത കൃഷി, വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ, വിത്ത്/ദീർഘകാല വിളകളുടെ തൈ/വിത്ത് എന്നിവയുടെ വിതരണം, പഴവർഗ്ഗ സസ്യങ്ങളുടെ തൈ വിതരണം തുടങ്ങിയവ ~~എന്നിവ~~ കൃഷി സംബന്ധമായ സാങ്കേതികത ആവശ്യമായതിനാൽ ആയവ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കേണ്ടതാണ്. ഈ ഘടകങ്ങൾക്ക് ആവശ്യമായ ഫണ്ട് കൃഷി വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ഈ ഘടകങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനായി അതാതു ജില്ലകളിലെ കളക്ടർമാരുടെ സേവനം തേടേണ്ടതാണ്. ബ്ലോക്ക് തല ഉൽപ്പാദന ഉപാദികളുടെ സംഭരണ - വിതരണ കേന്ദ്രം, മാർക്കറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാർ നേരിട്ട് നിർവ്വാഹണം നടത്തേണ്ടതാണ്. ഇവയുടെ നിർമ്മാണ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക അനുമതി വാങ്ങൽ, സാങ്കേതിക പരിശോധന, ബിൽ അംഗീകരിക്കൽ എന്നീ നിലവിലുള്ള ചട്ട പ്രകാരം ആയിരിക്കും. കാലാകാലങ്ങളിൽ നിലവിൽ വരുന്ന CPWD നിരക്കുകൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബാധകമായിരിക്കും.

സംഘാടനത്തിനും, നിർവ്വഹണത്തിനും കാർഷിക പ്രവൃത്തിയിൽ പരിചയമുള്ള അനുയോജ്യമായ സ്വയം സഹായ സംഘങ്ങളെ / പച്ചക്കറി ക്ലസ്റ്ററുകളെ മോണിട്ടറിംഗ് സമിതി കണ്ടെത്തേണ്ടതാണ്. അപേക്ഷയുടെ അടിസ്ഥാനത്തിൽ മലയോര വികസന ഏജൻസി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നതാണ്.സ്റ്റേറ്റ് പ്ലാൻ ഫണ്ട് ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലാണ് തുക നിക്ഷേപിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്തും നിർവ്വഹണ ഉദ്യോഗസ്ഥനും ഇതിനായി പ്രത്യേക കണക്കു ബുക്ക് സൂക്ഷിക്കേണ്ടതാണ്.

ഓരോ ബ്ലോക്ക് പഞ്ചായത്തും 26.00 ലക്ഷം രൂപയുടെ പ്രോജക്ടുകൾ ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ സാങ്കേതികാനുമതിയോടു കൂടി ബ്ലോക്ക് പഞ്ചായത്ത് അംഗീകാരം നൽകിയ ശേഷം നടപ്പിലാക്കേണ്ടതാണ്.

## പദ്ധതിയുടെ മോണിറ്ററിംഗ്

പദ്ധതിയുടെ മോണിറ്ററിംഗ് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു കമ്മിറ്റി നിർവ്വഹിക്കുന്നതായിരിക്കും

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് — ചെയർമാൻ

ബ്ലോക്ക് തല വികസന കാര്യ സ്റ്റാൻഡിംഗ് ചെയർമാൻ — മെമ്പർ

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി — മെമ്പർ

ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ — കൺവീനർ

പദ്ധതി നിർവ്വാഹണത്തെപ്പറ്റിയുള്ള വിശദമായ റിപ്പോർട്ട് മാസത്തിലൊരിക്കൽ
മലയോര വികസന ഏജൻസിക്ക് നൽകേണ്ടതാണ്. പദ്ധതി നിർവ്വാഹണം കഴിഞ്ഞ
ശേഷം പദ്ധതിയുടെ വിശദമായ പരിശോധന നടത്തുന്നതാണ്. പദ്ധതി
പൂർത്തീകരിച്ചാലുടൻ തുക വിനിയോഗ സർട്ടിഫിക്കറ്റും നടത്തിയ
പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ടും നിർവ്വാഹണം നടത്തിയ സ്വയം സഹായ
സംഘങ്ങളുടെ പേരുവിവരങ്ങളും ഫോട്ടോകളും പ്രോജക്ടിന്റെ പകർപ്പും മലയോര
വികസന ഏജൻസിക്ക് നൽകേണ്ടതാണ്. മോണിറ്ററിംഗ് ചെലവുകൾ മലയോര വിക
സന ഏജൻസിയുടെ തീരുമാന പ്രകാരമായിരിക്കണം ചെലവഴിക്കേണ്ടത്. ഗുണഭോ
ക്താക്കളുടെ പേരുവിവരങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ബന്ധപ്പെട്ട ഫയലിൽ സൂക്ഷി
ക്കേണ്ടതാണ്.

Bijumon
സെക്ഷൻ ഓഫീസർ

Bijumon
സെക്ഷൻ ഓഫീസർ